ശ്രീ. ജി. സുധാകരൻ: സർ, കയർ മേഖലയിലെ എല്ലാ പബ്ലിക് സെക്ടറുകളും ലാഭത്തിലാണ്. ദീർഘകാലമായി വലിയ നഷ്ടമുണ്ടായതാണ്. ഇപ്പോൾ ലാഭത്തിലാണ്. ആധുനികമായ നിരവധി ഫാക്ടറികൾ, പുതിയ ലൂമുകൾ, മോഡേണൈസേഷൻ, ഇതെല്ലാം ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് കയർ ബോർഡ് വഴിയുള്ള സഹായങ്ങളാണ് നൽകുന്നത്. അത് കിട്ടുന്നുണ്ട്. കയറിനുവേണ്ടി കേന്ദ്ര വിഹിതം 50 കോടി രൂപ മാത്രമേ കിട്ടുകയുള്ളൂ. സംസ്ഥാനത്ത് മാത്രം ശരാശരി 65 കോടി രൂപയുണ്ട്. കേന്ദ്ര ഗവൺമെന്റ് കയറിനുള്ള വിഹിതം കുറേക്കൂടി വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ: സർ, മരിച്ചുകൊണ്ടിരിക്കുന്ന കയർ സൊസൈറ്റികൾക്ക് അങ്ങ് ജീവൻ തിരിച്ചുകൊടുത്തിരിക്കുകയാണ്. കൊയിലാണ്ടി ചൂടി നൂറ്റാണ്ടുകൾക്കു മുൻപ് തന്നെ പഴക്കമുള്ളതാണ്. എന്റെ മണ്ഡലത്തിൽ മാത്രം 20 കയർ സൊസൈറ്റികളുണ്ട്. അതിന്റെ ഒരു പോരായ്മ എന്താണെന്ന് വച്ചാൽ ജീവൻ തിരിച്ചുകിട്ടിയപ്പോൾ ആവശ്യത്തിന് ചകിരിയില്ല. കോഴിക്കോട് ജില്ല 100 കോടി നാളികേരമുണ്ടാക്കുന്നുണ്ട്. നാളികേരത്തിന്റെ ഭാഗംതന്നെ ഉപയോഗപ്പെടുത്തിയാൽ അതിന് ഡീഫൈബറിംഗ് യൂണിറ്റുകൾ മാക്സിമം ഉണ്ടാകേണ്ടതായിട്ടുണ്ട്. അതിനുള്ള പദ്ധതികൾ വിപുലപ്പെടുത്താൻ സർക്കാർ തയ്യാറാക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, തയ്യാറായിക്കഴിഞ്ഞു. മലബാറിൽ തന്നെ തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ നാല് സ്ഥലങ്ങളിൽ ഒരു ദിവസം 60,000 തൊണ്ട് തല്ലാവുന്ന വൻകിട ഡീഫൈബറിംഗ് മില്ലുകൾ മൂന്ന് മാസക്കാലമായി കയർഫെഡ് പ്രവർത്തിപ്പിച്ചു വരികയാണ്. അങ്ങയുടെ മണ്ഡലത്തിലെ 20 കോ-ഓപ്പറേറ്റീവ്സും നേരത്തെ പറഞ്ഞ മിനി ഡീഫൈബറിംഗ് മില്ലിനുവേണ്ടി അപേക്ഷിച്ചാൽ ഇനിയും തരാൻ തയ്യാറാണ്.

മി. സ്പീക്കർ: ചോദ്യംനമ്പർ 123

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ

3 (*123) ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. എ. പ്രദീപ്കുമാർ :താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സാധ്യമായ കോഴ്സുകളിൽ പഠിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകളിൽ പ്രവേശനം നേടുന്നവർക്ക് ആനുകൂല്യം നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) അന്യസംസ്ഥാനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്;

(ഇ) വിദ്യാർത്ഥികൾക്കുള്ള സാമ്പത്തികാനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ,

(എ) ബാബുവിജയ്നാഥ് കമ്മീഷൻ ശിപാർശ പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങൾ മൂന്നു വർഷത്തിലൊരിക്കൽ പരിഷ്കരിക്കേണ്ടതുണ്ട്. എന്നാൽ 2001 മുതൽ 2006 വരെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിരുന്നില്ല. ഈ സർക്കാർ എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും കാലോചിതമായി പരിഷ്കരിക്കുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽനിന്നും മെറിറ്റ് സീറ്റിലും സംവരണ സീറ്റിലും പ്രവേശനം നേടി പഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസ് നിർണ്ണയ സമിതി നിശ്ചയിക്കുന്ന ഫീസും മറ്റാനുകൂല്യങ്ങളും അനുവദിച്ചുവരുന്നുണ്ട്. DME, DHS, Nursing Council തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി മെറിറ്റിലും നിസർവേഷനിലും പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു.

കേന്ദ്ര-സംസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്ര- സംസ്ഥാന സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളായ എൽ.ബി.എസ്. സെന്റർ, ഐ.എച്ച്.ആർ.ഡി., സി-ഡിറ്റ്, സി-ഡാക്ക് ഇ.ആർ.& ഡി.സി. തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകളിലും സർക്കാർ നിയന്ത്രിത സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ (എയ്ഡഡ്) എന്നിവയിലെ സ്വാശ്രയ കോഴ്സുകളിലും പഠനം നടത്തുന്നവർക്കും ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നു.

(സി) സർക്കാർ നടത്തുന്ന പ്രവേശന പരീക്ഷയിലൂടെ സ്വകാര്യ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നുണ്ട്.

---

* അനുബന്ധം IV കാണുക

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അന്യ സംസ്ഥാനങ്ങളിലെ വിവിധ സ്ഥാപനങ്ങളിൽ കേന്ദ്ര സർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴിയോ CAT, MAT, JEE, JMET, XAT, ATMA എന്നീ പ്രവേശന പരീക്ഷ വഴിയോ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാനത്തിനകത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതുപോലെ അംഗീകൃത ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവയും ഹോസ്റ്റലിൽ താമസിക്കുന്നതിനുള്ള ഹോസ്റ്റൽ ഫീസും പോക്കറ്റ് മണിയും ലംപ്സം ഗ്രാന്റും അനുവദിച്ചു നൽകുന്നതാണ്. കേരളത്തിൽ നിലവിലില്ലാത്ത കോഴ്സുകൾക്ക് അന്യ സംസ്ഥാനത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നുണ്ട്.

(ഇ) വിദ്യാർത്ഥികൾക്ക് സാമ്പത്തികാനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുതായി ആവിഷ്കരിച്ച ഇ-ഗ്രാന്റ്സ് എന്ന വെബ് അധിഷ്ഠിത വിദ്യാഭ്യാസാനുകൂല്യ വിതരണ പദ്ധതിയിലൂടെ പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ എ.ടി.എം. മുഖേന ലഭ്യമാക്കുന്നു. സ്ഥാപനത്തിന് ലഭിക്കേണ്ട തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്യുന്നു. പ്രവേശനം നേടി 5 ദിവസത്തിനകം ആനുകൂല്യത്തിനുള്ള അപേക്ഷയും ബാങ്ക് അക്കൗണ്ട് അപേക്ഷയും ഒരുമിച്ച് നൽകുന്നതിനാൽ വിദ്യാർത്ഥികൾക്ക് അക്കൗണ്ട് തുടങ്ങി ആനുകൂല്യങ്ങൾ വേഗത്തിൽ ലഭിക്കുകയും ചെയ്യുന്നു. പ്രീമെട്രിക് തലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് വിദ്യാഭ്യാസ ആരംഭത്തിൽത്തന്നെ വിതരണം ചെയ്യുന്നു. പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് ആദ്യത്തെ 5 മാസത്തേത് ജൂൺ 20-നകവും രണ്ടാമത്തെ ഗഡു ഡിസംബർ 30-നകവും മുൻകൂറായി നൽകുന്നു.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കാര്യക്ഷമമായ പ്രവർത്തനമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശികയുണ്ടായിരുന്നത് എത്രയാണ്; അത് കൊടുക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, 48 കോടി രൂപയുടെ കുടിശ്ശികയുണ്ടായിരുന്നു. ആ കുടിശ്ശികയെല്ലാം കൊടുത്തുതീർത്തു എന്ന് മാത്രമല്ല ചരിത്രത്തിൽ ഇല്ലാത്ത വിദ്യാഭ്യാസാനുകൂല്യമാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നൽകിയത്. യു.ഡി.എഫ്. ഭരിക്കുമ്പോൾ മൊത്തം വിദ്യാഭ്യാസാനുകൂല്യങ്ങൾ 304,70,00,000 രൂപയാണ് നൽകിയതെങ്കിൽ ഈ ഗവൺമെന്റ് 584,30,00,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഏതൊക്കെ സമിതികളാണ് നിലവിലുള്ളത്; ഇവയുടെ പ്രവർത്തനം എങ്ങനെയൊക്കെയാണ് എന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, മോഡൽ റസിഡൻഷ്യൽ സ്കൂളുമായി ബന്ധപ്പെട്ടുകൊണ്ട് കളക്ടർ ചെയർമാനായിട്ടുള്ള അഡ്വൈസറി കമ്മിറ്റി നിലവിലുണ്ട്. അഡ്വൈസറി കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഒരു ബുദ്ധിമുട്ടും ഇല്ലെന്ന് മാത്രമല്ല നല്ല വിദ്യാഭ്യാസ നിലവാരമാണ് ഇപ്പോൾ അവിടെയുള്ളത്. ഏതാണ്ട് 28 എം.ആർ.എസ്.കളിലും 97 മുതൽ 100 ശതമാനം വരെ വിജയം കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ടി. പി. കുഞ്ഞുണ്ണി: സർ, സംസ്ഥാനത്തിന് വെളിയിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുമെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഏതെല്ലാം കോഴ്സുകൾക്കാണ് ഇത്തരത്തിലുള്ള ആനുകൂല്യം കൊടുക്കുന്നത് എന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്തിന് വെളിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികളാണ് ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇപ്പോൾ 396 വിദ്യാർത്ഥികളാണ് കേരളത്തിന് വെളിയിൽ പഠിക്കുന്നത്. അവർക്ക് ആനുകൂല്യങ്ങൾ നൽകുന്നയിനത്തിൽ 1,21,85,153 രൂപ എസ്സി. വകുപ്പ് കൊടുത്തിട്ടുണ്ട്. എസ്ടി.-യിൽ 16 വിദ്യാർത്ഥികളാണ് പഠിക്കുന്നത്. 21,96,024 രൂപയാണ് കൊടുത്തത്. അവിടെ ആ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ച കോഴ്സിൽ ആ കുട്ടികൾ ചേർന്നുകഴിഞ്ഞാൽ കേരളത്തിലുള്ള കുട്ടികളാണ് പഠിക്കുന്നതെങ്കിൽ ഇവിടെ വിദ്യാഭ്യാസാനുകൂല്യം കൊടുക്കുന്നതുപോലെതന്നെ ആ കുട്ടികൾക്കും ഡിപ്പാർട്ടുമെന്റുവഴി കൊടുക്കും. ഇനി വേറെ ഏതെങ്കിലും കോഴ്സുകളുണ്ടെങ്കിൽ ആ കോഴ്സിനും നമ്മൾ കൊടുക്കും.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഇവിടെ ഒ.ബി.സി. സ്കോളർഷിപ്പിനായിട്ടുള്ള കേന്ദ്ര സഹായം ചെലവഴിച്ചില്ല എന്നുള്ള വാർത്ത പത്രങ്ങളിൽ വന്നുകണ്ടിരുന്നു. ഇതിന്റെ യഥാർത്ഥ വസ്തുതയെന്താണെന്ന് പറയാമോ?

ശ്രീ. എ. കെ. ബാലൻ: അത് തെറ്റായിട്ടുള്ള വാർത്തയാണ്. 2007 മുതൽ 2010 വരെ കേന്ദ്രസഹായം ലഭിച്ചത് പത്തുകോടി മുപ്പതു ലക്ഷം രൂപയാണ്. ഒരു വർഷം ഒ.ബി.സി. വിദ്യാഭ്യാസാനുകൂല്യത്തിന് കേരള സർക്കാർ ചെലവഴിക്കുന്ന തുക 60 കോടി രൂപ മുതൽ 70 കോടി രൂപ വരും. അധിക തുക കേന്ദ്രത്തിൽനിന്ന് ലഭിക്കണമെന്നുള്ളതുകൊണ്ട് അറുപത് കോടി രൂപയുടെ ഒരു ആവശ്യം ഞങ്ങൾ ഉന്നയിച്ചിരുന്നു. അത് കിട്ടിയിട്ടില്ല. എന്നാൽ തുടർന്ന് പ്ലസ് ഒൺ, പ്ലസ് ടു വിഭാഗത്തിന് വിദ്യാർത്ഥികൾക്ക് മാത്രമായി ഒരു സ്കോളർഷിപ്പ് പദ്ധതി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചു. അതിന്റെ ഭാഗമായി പത്തുകോടി മുപ്പത് ലക്ഷം രൂപ കിട്ടി. ഏതാണ്ട് ഒരു ലക്ഷത്തോളം അപേക്ഷകൾ കിട്ടി. ഇപ്പോൾ ആ അപേക്ഷകളെല്ലാം എന്റർറ്റെയിൻ ചെയ്തുകൊണ്ടിരിക്കുകയാണ്. കുട്ടികൾക്ക് ആനുകൂല്യം കൊടുത്തു കൊണ്ടിരിക്കുകയാണ്. ചില പത്രങ്ങളിൽ വന്നിട്ടുള്ള വാർത്തയാണ്. അത് അടിസ്ഥാനരഹിതമാണ്. ഈ വർഷം കേന്ദ്രത്തിൽനിന്ന് കിട്ടിയാൽ അടുത്ത വർഷം മാത്രമേ ഫണ്ട് ചെലവഴിക്കാൻ പറ്റുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: സർ, പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടേയും സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടേയും ഫീസ് ആനുകൂല്യങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. സ്കൂൾ വിദ്യാർത്ഥികളുടേയും പോളിടെക്നിക്. ഐ.ടി.സി. വിദ്യാർത്ഥികളുടേയും സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും യഥാസമയം അങ്ങയുടെ ഡിപ്പാർട്ടുമെന്റ് വിതരണം ചെയ്യുന്നില്ല. അദ്ധ്യയന വർഷം കഴിഞ്ഞ് ഒരു വർഷവും രണ്ടു വർഷവും കഴിഞ്ഞാണ് നൂറ് കണക്കിന് നിവേദനങ്ങളും അപേക്ഷകളും സമർപ്പിച്ച് മുട്ടാവുന്ന വാതിലുകളെല്ലാം മുട്ടി വിളിക്കുമ്പോഴാണ് വിതരണം നടക്കുന്നത്. അലോട്ട്മെന്റ് ഉണ്ടാകാം, പക്ഷേ ഡിപ്പാർട്ടുമെന്റ് ഈ പണം വിതരണം ചെയ്യുന്നതിൽ വളരെയധികം കാലതാമസമുണ്ടാകുന്നു. ഗുരുതരമായ ഈ ആക്ഷേപത്തിന് പരിഹാരം കാണുമോ?

ശ്രീ. എ. കെ. ബാലൻ: സർ, പണ്ട് ഈ സ്ഥിതിയുണ്ടായിരുന്നു. ഇന്ന് ആ സ്ഥിതിയില്ല. അത് ഒഴിവാക്കുന്നതിന് വേണ്ടിയാണ് എ.ടി.എം.സിസ്റ്റം ഇൻഡ്യാ രാജ്യത്ത് ആദ്യമായി കൊണ്ടുവന്നത്. അപേക്ഷ കോളേജിൽ കൊടുത്തുകഴിഞ്ഞാൽ ഒരാഴ്ചയ്ക്കുള്ളിൽ ഈ ഫണ്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലേക്ക് അക്കൗണ്ട് ചെയ്തു കിട്ടും.

ശ്രീ. എം. മുരളി: .....സ്കൂളുകളുടെ കാര്യമാണ്.....

ശ്രീ. എ. കെ. ബാലൻ: പറഞ്ഞുതരാം, പോസ്റ്റ് മെട്രിക്കിന്റെ കാര്യം കൂടി നിങ്ങൾ പറഞ്ഞു, ആട്ടോമാറ്റിക് ആയി എ.ടി.എം. സിസ്റ്റത്തിൽ സീറോ അക്കൗണ്ടിൽ കുട്ടിക്ക് ബാങ്കിൽ പോയി വാങ്ങാവുന്നതാണ്. കോളേജിൽ പോകേണ്ടതില്ല. സ്കൂളിൽ ഇത് പ്രാവർത്തികമല്ല, സ്കൂളുകളിൽ ആദ്യത്തെ മാസം തന്നെ വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നുണ്ട്. ഇന്നേവരെ ഒരാക്ഷേപവും ബഹുമാനപ്പെട്ട എം.എൽ.എ.യിൽനിന്നും എനിക്ക് കിട്ടിയിട്ടില്ല, ആരിൽനിന്നും കിട്ടിയിട്ടില്ല. കിട്ടിയാൽ പിറ്റ ദിവസം തന്നെ സ്റ്റൈപ്പന്റും ലംപ്സം-ഗ്രാന്റും കൊടുക്കുന്നതായിരിക്കും. എല്ലാ സ്കൂളുകൾക്കും കൊടുത്തിട്ടുണ്ട്. ഏതെങ്കിലും സ്കൂളിന് പരാതിയുണ്ടെങ്കിൽ തന്നുകഴിഞ്ഞാൽ പരിഹരിക്കുകയും ചെയ്യും.

ശ്രീ. പള്ളിപ്രം ബാലൻ: സർ, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം കൊടുക്കുന്നതിൽ ഈ ഗവൺമെന്റ് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്. പക്ഷേ പല സ്വകാര്യ സ്വാശ്രയസ്ഥാപനങ്ങളും വിദ്യാർത്ഥികൾക്ക് യഥാസമയം ആനുകൂല്യം കൊടുക്കുന്നതിൽ ഒരുപാട് വീഴ്ച വരുത്തുന്നുണ്ട്. സത്യത്തിൽ അതിന് ഗവൺമെന്റിനെയാണ് ആളുകൾ പറയുന്നത്. ഞാൻ ഒരു ഉദാഹരണം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കോഴിക്കോട് ആർ.ഇ.സി.യിൽ എൻ.ഐ.ടി-ക്ക് പഠിക്കുന്ന ഒരു സ്റ്റുഡന്റിന്... പട്ടികജാതിയിലുള്ള ഒറ്റ കുട്ടി മാത്രമേയുള്ളൂ, ആ കുട്ടിക്ക് ഗവൺമെന്റിന്റെ ഓർഡർ ഉണ്ടായിരുന്നതാണ്. ആ കുട്ടിക്ക് വിദ്യാഭ്യാസാനുകൂല്യം കൊടുക്കുന്നതിന് ആ കോളേജിൽ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഈ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അതുപോലുള്ള മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും യഥാസമയം വിദ്യാഭ്യാസാനുകൂല്യം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം കൊടുക്കാൻ അങ്ങ് സന്നദ്ധമാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ഈ തുപത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് മനസ്സിലാക്കിയിട്ടാണ് എ.ടി.എം. സിസ്റ്റം ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. അവിടെ അപേക്ഷ കൊടുക്കണം. കോളേജിൽ അപേക്ഷ കൊടുക്കണം. കോളേജിൽ അപേക്ഷ കൊടുത്തു കഴിഞ്ഞാൽ അവർ ജില്ലാ വെൽഫെയർ ഓഫീസിലേക്ക് അയയ്ക്കും. ജില്ലാ വെൽഫെയർ ഓഫീസിൽനിന്ന് ഇവിടേയ്ക്ക് വന്നുകഴിഞ്ഞാൽ ഒരാഴ്ചയ്ക്കുള്ളിൽ അവരുടെ അക്കൗണ്ടിൽ പണം എത്തും. ഇത് അവിടെ കൊടുക്കണം. മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ തുപത്തിലുള്ള മാനിപ്പുലേഷൻ നടക്കുന്നുണ്ട് എന്ന് മനസ്സിലാക്കിയിട്ടാണ് ഈ സിസ്റ്റം ഗവൺമെന്റ് ഇൻഡ്യ രാജ്യത്ത് ആദ്യമായി കൊണ്ടുവന്നത്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാനത്ത് എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പുതിയതായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇപ്പോൾ കേരളത്തിൽ മൊത്തം 26 മോഡൽ റസിഡൻഷ്യൽ സ്കൂളുകളാണുള്ളത്. രണ്ട് എം.ആർ.എസ്. കൂടി ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ഇനി രണ്ട് എം.ആർ.എസ്. കൂടി ഇപ്പോൾ ബഡ്ജറ്റിന്റെ ഭാഗമായി വന്നിട്ടുണ്ട്. അപ്പോൾ 32 എം.ആർ.എസുകൾ മൊത്തമുണ്ടാകും. ഇപ്പോൾ 28 എണ്ണമുണ്ട്. 26 എണ്ണം പ്രവർത്തിക്കുന്നുണ്ട്. രണ്ടെണ്ണം ഈ വർഷം മുതൽ ആരംഭിക്കുകയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിലന്വേഷകർക്ക് വിസ ലഭിച്ചാൽ കോർപ്പറേഷനിൽനിന്ന് നൽകുന്ന സാമ്പത്തിക സഹായം കാലാനുസൃതമായി വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: അത് പരിഗണിക്കാം.

ശ്രീ. സി. പി. മുഹമ്മദ്: സർ, സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചും പ്രൊഫഷണൽ സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചുമാണ് പറഞ്ഞത്. സിവിൽ സർവ്വീസ് എക്സാമിനേഷന് പട്ടികജാതി കുട്ടികളെ പ്രാപ്തരാക്കാൻ നടപടി സ്വീകരിക്കുമോ? അതുപോലെ ഐ.ഐ.ടി. ഐ.എ.എം-ൽ പ്രവേശനം ലഭിക്കാൻ എത്ര വിദ്യാർത്ഥികൾ തയ്യാറാകുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കുമോ? അത്തരത്തിലുള്ള എത്രപേർക്ക് സഹായധനം നൽകുന്നു എന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇതിൽ ഐ.എ.എസ്. കോച്ചിംഗിനുവേണ്ടി ഇവിടെ പ്രത്യേക സംവിധാനമുണ്ട്. എത്ര കുട്ടികൾ പഠിക്കുന്നുണ്ട്, എത്ര കാശ് ചെലവഴിക്കുന്നുണ്ട് എന്നുള്ള വിവരങ്ങൾക്ക് പ്രത്യേകിച്ച് എഴുതിതന്നാൽ പറയാം. ഇപ്പോൾ എന്റെ കൈയിൽ അതിനെ സംബന്ധിച്ച് കണക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, പ്രീ മെട്രിക് ഹോസ്റ്റലുകൾ ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത സ്ഥാപനങ്ങളാണ്. അതുപോലെ എല്ലാ സ്ഥാപനങ്ങളുടേയും നടത്തിപ്പ് ഒരുപോലെയല്ല. ചില സ്ഥാപനങ്ങളെ സംബന്ധിച്ച് ആക്ഷേപങ്ങളുണ്ട്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനവും മോണിട്ടറിംഗും മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള ഡിപ്പാർട്ട്മെന്റ് സിസ്റ്റം ഫലപ്രദമല്ല. ഈ സ്ഥിതി മെച്ചപ്പെടുത്താൻ എന്തു നടപടിയാണ് ഗവൺമെന്റ് ചെയ്യാനുദ്ദേശിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഗവൺമെന്റിന്റെ ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിലും പ്രീ-മെട്രിക് ഹോസ്റ്റലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജനപ്രതിനിധികളെവച്ചുകൊണ്ട് അഡ്വൈസറി കമ്മിറ്റികളുണ്ടാക്കിയിട്ടുണ്ട്. ആ അഡ്വൈസറി കമ്മിറ്റി ചേർന്ന് എന്തെങ്കിലും ആക്ഷേപമോ അഭിപ്രായ വ്യത്യാസമോ ഉന്നയിച്ചാൽ പരിഹരിക്കും. ഞങ്ങൾ വരുന്ന സമയത്ത് 500 രൂപയായിരുന്നു പ്രീമെട്രിക് അലവൻസ്, അത് ആയിരത്തി മുന്നൂറാക്കി. എല്ലാ ഹോസ്റ്റലുകളും നവീകരിച്ചു. 246 ഹോസ്റ്റലുകൾ 14 കോടി അറുപത് ലക്ഷം രൂപ ചെലവ് ചെയ്തുകൊണ്ട് നവീകരിച്ചു. ഒരു സ്ഥലത്തും ഇപ്പോൾ ഒരു ബുദ്ധിമുട്ടുമില്ല. നല്ല രുചികരമായ ഭക്ഷണം ഇഷ്ടം പോലെ കുട്ടികൾക്ക് കൊടുക്കുന്നുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രിയായിരുന്ന കാലത്ത് തുടങ്ങിയ പുഞ്ചാർ നിയോജക മണ്ഡലത്തിലെ എം.ആർ.എസ്. ഇപ്പോൾ അത് പിണ്ണാക്കനാട് തുടങ്ങി. അവിടെനിന്ന് ആരുമറിയാതെ എരുമേലിക്ക് കൊണ്ടുപോയി. എരുമേലിയിൽ ചെന്നപ്പോൾ അവിടെ കുട്ടികൾക്ക് ഫുഡ്പോയിസൺ വന്ന് രക്ഷയില്ലാതെ വീണ്ടും അത് ഈരാറ്റുപേട്ട വച്ചു. ഇപ്പോൾ വളരെ സുഗമമായി ഈരാട്ടുപേട്ടയിൽ പ്രവർത്തിച്ചുവരുന്നു. 100 ശതമാനം വിജയമാണ്. എല്ലാ കമ്മറ്റികളും വിളിക്കുമ്പോൾ ഞാൻ പോകാറുണ്ട്. ഇപ്പോൾ അതിന്റെ സ്ഥലമെടുപ്പ് നടപടി വന്നപ്പോൾ ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രിക്ക് കത്തു കൊടുത്തു. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കൈവശമിരിക്കുന്ന പത്തേക്കർ സ്ഥലം സൗജന്യമായി നമുക്ക് കിട്ടാനുണ്ട്. ആ ഫയലിന്റെ പുറകേ നടന്നു മടുത്തു. ഇപ്പോൾ ഞാൻ അറിഞ്ഞത്, അത് ഏറ്റുമാനൂരിൽ കൊണ്ടു പോകുന്നു എന്നാണ്. എന്താണ്.....(.തടസ്സം).....മന്ത്രിയാണ് എന്നൊന്നും ഞാൻ പറയുന്നില്ല.....ഈരാട്ടുപേട്ട സ്ഥലം ഉണ്ടല്ലോ, എന്താണ് കുഴപ്പം?

ശ്രീ. എ. കെ. ബാലൻ: ഈരാട്ടുപേട്ടയിൽ അത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. നൂറുശതമാനം പാസാണ് എന്ന് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത് ശരിയാണ്. എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്പോൾ അദ്ദേഹം പറഞ്ഞതുപോലെ ഇതു മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോയെന്നുള്ള കാര്യം ഞാൻ പരിശോധിക്കാം.

മി. സ്പീക്കർ: ചോദ്യം നമ്പർ 124....

അനുബന്ധം - IV

[16-2-2011-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3(*123)-ന്റെ ഉത്തരം കാണുക]

വിദ്യാഭ്യാസാനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ:

1. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലോചിതമായി ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം പരിഷ്കരിച്ചിട്ടുണ്ട്. 1-2-2008-ലെ സ.ഉ.(എംഎസ്.) നമ്പർ 20/08/പജ.പവ.വിവ. പ്രകാരം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, പോക്കറ്റ്മണി തുടങ്ങിയ ആനുകൂല്യങ്ങൾ 1-4-2008 മുതൽ 50% വർദ്ധിപ്പിച്ച് നൽകി. (20% വർദ്ധിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.)

2. പ്രീ-മെട്രിക് ഹോസ്റ്റൽ അന്തേവാസികളുടെ പ്രതിമാസ മെസ്സ് ചാർജ്ജ് 500 രൂപയിൽ നിന്ന് 1300 രൂപയായും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ മെസ് ചാർജ്ജ് 700 രൂപയിൽ നിന്ന് 1500 രൂപയായും വർദ്ധിപ്പിച്ചു.

3. അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികളുടെ പ്രതിമാസ മെസ്സ് അലവൻസ് 1200 രൂപയിൽ നിന്ന് 2250 രൂപയാക്കി വർദ്ധിപ്പിച്ചു.

4. എം.ആർ.എസ്.-കളിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിലേക്ക് യൂണിഫോം അലവൻസ് 1500 രൂപയായും 8 മുതൽ 12 വരെ ക്ലാസ്സുകളിലേക്കുള്ള 2,000 രൂപയായും നൽകി വരുന്നത് 3000 രൂപയായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

5. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഐറ്റിസി-കളിലെ വിദ്യാർത്ഥികളുടെ യൂണിഫോം അലവൻസ് 400 രൂപയിൽ നിന്നും 900 രൂപയായി വർദ്ധിപ്പിച്ചു.

6. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളുകളിലെയും വിദ്യാർത്ഥികൾക്കും അവരുടെ രക്ഷകർത്താക്കൾക്കും ഓണം, ക്രിസ്മസ്, മധ്യവേനൽ അവധിക്കാലങ്ങളിൽ വീട്ടിൽപോയി വരുന്നതിന് യാത്രാബത്തയായി രണ്ടാം ക്ലാസ് ട്രെയിൻ ചാർജ്ജ്/യഥാർത്ഥ ബസ് ചാർജ്ജോ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

7. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രതിമാസ വാഷിംഗ് ചാർജ്ജ് 1 മുതൽ 10 വരെ ക്ലാസ്സുകളിൽ 60 രൂപയിൽ നിന്ന് 90 രൂപയായും +2 തലങ്ങളിൽ 75 രൂപയിൽ നിന്ന് 100 രൂപയായും വർദ്ധിപ്പിച്ചു.

Digitized by Arya Samaj Foundation Chennai and eGangotri

8. ട്രെയിനിംഗ് കം എംപ്ലോയ്മെന്റ്/അഡീഷണൽ അപ്രന്റീസ്ഷിപ്പ് സ്കീം തുടങ്ങിയ പദ്ധതികൾ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഐ.റ്റി.ഐ./ഐ.റ്റി.സി. ട്രേഡ് പരീക്ഷ പാസ്സായ പട്ടികജാതിയിൽപ്പെട്ട പരിശീലകർക്ക് നൽകി വന്നിരുന്ന പ്രതിമാസ സ്റ്റൈപ്പന്റ് 1000 രൂപയിൽ നിന്നും 2000 രൂപയായും ഡിപ്ലോമക്കാർക്ക് നൽകി വന്നിരുന്നത് 1600 രൂപയിൽനിന്നും 2500 രൂപയായും എഞ്ചിനീയറിംഗ് ഡിഗ്രിക്കാർക്ക് നൽകി വന്നിരുന്നത് 1800 രൂപയിൽ നിന്നും 3000 രൂപയായും അഡീക്ഷണൽ അപ്രന്റീസ്ഷിപ്പുകാർക്ക് നൽകി വന്നിരുന്ന പ്രതിമാസ സ്റ്റൈപ്പന്റ് 1400 രൂപയിൽ നിന്നും 2000 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ 1-4-2010 മുതൽ പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ എല്ലാ മെസ്സ് ഇതര ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്.

9. പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് പൈലറ്റ് പ്രോജക്ടായി 2008-09-ൽ ആലപ്പുഴ ജില്ലയിൽ നടപ്പാക്കിയ "ഇ-ഗ്രാന്റ്സ്" പദ്ധതി 2009-10 മുതൽ സംസ്ഥാനമൊട്ടാകെ നടപ്പാക്കി. ഇ-ഗ്രാന്റ്സ് എന്ന വെബ് അധിഷ്ഠിത പദ്ധതിപ്രകാരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എ.റ്റി.എം. വഴി നൽകി വരുന്നു.

10. സംസ്ഥാനത്തെ പ്രീ-മെട്രിക് തലത്തിൽ നഴ്സറി മുതൽ 10-ാം ക്ലാസ് വരെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ജി. വി. രാജാ സ്പോർട്സ് സ്കൂൾ, കേന്ദ്രീയ വിദ്യാലയങ്ങൾ സൈനിക സ്കൂളുകൾ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ, ഐ.എച്ച്.ആർ.ഡി-യുടെ കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ സർക്കാരിന്റെയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും അംഗീകാരമുള്ള ഐ.റ്റി.ഐ./ഐ.റ്റി.സി./നോൺ മെട്രിക് ട്രേഡുകൾ, എഞ്ചിനീയറിംഗ് & നോൺ എഞ്ചിനീയറിംഗ് വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നിവയിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ഫീസ് തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നു. അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ സർക്കാർ അംഗീകരിച്ച ലംപ്സംഗ്രാന്റും ട്യൂഷൻ ഫീസും സ്പെഷ്യൽ ഫീസും നൽകി വരുന്നു. ഐ.റ്റി.സി. വിദ്യാർത്ഥികളുടെ സ്റ്റഡി ടൂർ അലവൻസ് 500 രൂപയിൽ നിന്നും 1100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

11. പോസ്റ്റ് മെട്രിക് തലത്തിൽ പ്ലസ് വൺ, പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കണ്ടറി, കേന്ദ്രീയ വിദ്യാലയങ്ങൾ, ടെക്നിക്കൽ സ്കൂളുകൾ, ജി.വി. രാജാ സ്കൂളുകൾ, പോളിടെക്നിക്, ഐ.എച്ച്.ആർ.ഡി. സ്കൂളുകൾ എന്നിവയിൽ പഠിക്കുന്നവർക്കും സംസ്ഥാനത്തെ അംഗീകാരമുള്ള വിവിധ ഡിപ്ലോമ, പി.ജി, ഡിഗ്രി കോഴ്സുകൾ പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്കും ആനുകൂല്യം നൽകുന്നു. ഒരു പോസ്റ്റ് മെട്രിക് കോഴ്സിനു പുറമെ കോഴ്സ് പൂർത്തിയാക്കാതെ തന്നെ മറ്റ് രണ്ട് കോഴ്സുകൾക്കു കൂടി എല്ലാവിധ ആനുകൂല്യങ്ങളും നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

12. കേന്ദ്ര സംസ്ഥാന സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളായ എൽ.ബി.എസ്. സെന്റർ, ഐ.എച്ച്.ആർ.ഡി., സി-ഡിറ്റ്, സി-ഡാക്ക്, ഇ.ആർ&ഡി.സി. തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകളിലും സർക്കാർ നിയന്ത്രിത കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ (എയ്ഡഡ്) എന്നിവയിലെ സ്വാശ്രയ കോഴ്സുകളിലും പഠനം നടത്തുന്നവർക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ നൽകി വരുന്നു. എം.ഫിൽ, പി.എച്ച്.ഡി., എം.ടെക്, എം.ഫിറ്റ് തുടങ്ങിയ കോഴ്സുകളിൽ യു.ജി.സി./ഗേറ്റ് പാസാകാത്തവർക്ക് യു.ജി.സി. കാലാകാലങ്ങളിൽ അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും അനുവദിച്ചിട്ടുണ്ട്.

13. സംസ്ഥാന യൂണിവേഴ്സിറ്റികളുടെയും ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റികളുടെയും ഓഫ് കാമ്പസ് കോഴ്സുകളിൽ പഠനം നടത്തുന്നവർക്കും ഇൗവനിംഗ് കോഴ്സുകൾ, വിദൂരവിദ്യാഭ്യാസ കോഴ്സുകൾ എന്നിവയിൽ പഠനം നടത്തുന്നവർക്കും അംഗീകൃത ഫീസാനുകൂല്യം മാത്രം നൽകുന്നു.

14. റെയിൽവേ, ഫാക്ട് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാർത്ഥികൾക്ക് സ്ഥാപനം നിശ്ചയിക്കുന്ന ഫീസും ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും അനുവദിക്കുന്നു.

15. പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും ഡി.എം.ഇ., ഡി.എച്ച്.എസ്., നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നവർക്ക് സർക്കാർ/ സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസടക്കമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നു.

16. സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ജനറൽ നഴ്സിംഗ് കോഴ്സുകൾക്ക് പ്രവേശനം നേടുന്നവർക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് അനുവദിച്ചു വരുന്നു.

17. CAT, MAT, JEE, JMET, XAT, ATMA തുടങ്ങിയ അഖിലേന്ത്യ പ്രവേശന പരീക്ഷ വഴി സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നവർക്ക് സർക്കാർ/യൂണിവേഴ്സിറ്റി അംഗീകരിച്ച ഫീസും മറ്റാനുകൂല്യങ്ങളും നൽകുന്നു.

18. കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഡീംഡ് യൂണിവേഴ്സിറ്റികളിൽ മെരിറ്റിലും നിസർവേഷനിലും പ്രവേശനം നേടുന്നവർക്ക് ഫീസടക്കമുള്ള ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

19. ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിട്ടും പ്രവേശനം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന വിദ്യാർത്ഥികൾക്ക് പ്ലസ് വൺ കോഴ്സിനു പാരലൽ കോളേജിൽ ചേർന്നു പഠിക്കുന്നതിന് ആനുകൂല്യം അനുവദിച്ചു വരുന്നു.

20. അന്യസംസ്ഥാനങ്ങളിലെ വിവിധ സ്ഥാപനങ്ങളിൽ കേന്ദ്ര സർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യ പ്രവേശന പരീക്ഷ വഴിയോ വിവിധ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു. കേരളത്തിൽ നിലവിലില്ലാത്ത കോഴ്സുകൾക്ക് അന്യസംസ്ഥാനത്ത് പഠിക്കുന്നതിന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു.

21. എം.ബി.ബി.എസ്./ബി.വി.എസ്.സി./എഞ്ചിനീയറിംഗ്/ബി.എ.എം.എസ്. എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നവർ തോറ്റു പഠിക്കേണ്ടി വരുമ്പോൾ ഒരേ ക്ലാസ്സിൽ 3 പ്രാവശ്യം ആവർത്തിച്ചു പഠിക്കുന്നതിന് ലംപ്സംഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു. സ്വാശ്രയ സ്ഥാപനങ്ങളിൽ എം.ബി.ബി.എസ്. കോഴ്സിന് 3 പ്രാവശ്യം തോറ്റു പഠിക്കുന്നതിന് 50% നിരക്കിലുള്ള ഫീസും ലംപ്സംഗ്രാന്റ് ഒഴികെയുള്ള മറ്റനുകൂല്യങ്ങളും അനുവദിക്കുന്നു.

22. സ്പോർട്സ് കോട്ടയിലും ഡിഫൻസ് കോട്ടയിലും പ്രവേശനം ലഭിക്കുന്നവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകി വരുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് സ്പോർട്സ് അലവൻസും ഇൻസെന്റീവും അനുവദിക്കുന്നു.

23. പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനത്തോട് ചേർന്ന് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലെങ്കിൽ ചില നിബന്ധനകൾക്ക് വിധേയമായി പ്രതിമാസ സ്റ്റൈപ്പന്റ് 1500 രൂപ നൽകുന്നു.

24. പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷകളോടെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതും കുടുംബ വാർഷിക വരുമാനം 40,000 രൂപയിൽ താഴെയുമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി 5,000 രൂപ ധനസഹായം നൽകി വരുന്നു. ഒരു ലക്ഷം രൂപ വാർഷിക വരുമാനപരിധിക്കു വിധേയമായി പട്ടികജാതിക്കാരായ മെഡിക്കൽ വിദ്യാർത്ഥികൾക്ക് 10,000 രൂപയും എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് 5,000 രൂപയും പ്രാരംഭ ചെലവുകൾക്കായി നൽകുന്നു.

25. അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ് എന്ന 100% കേന്ദ്ര സഹായ പദ്ധതി പ്രകാരം 9-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന നിശ്ചിത എണ്ണം പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പര്യാപ്തമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

26. 1 മുതൽ 4 വരെ ക്ലാസ്സുകളിലെ പട്ടികവർഗ്ഗ കുട്ടികളെ മുടക്കം കൂടാതെ സ്കൂളുകളിൽ എത്തിക്കുന്നതിന് അവരുടെ രക്ഷകർത്താക്കൾക്ക് പ്രതിവർഷം 500 രൂപ പ്രത്യേക പ്രോത്സാഹന ധനസഹായം നൽകുന്നു.

27. ഭാരതദർശൻ പഠന പര്യടന വിനോദ പരിപാടി, പ്ലസ്ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ എന്നിവയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും അനുവദിച്ചിട്ടുണ്ട്.

28. ഭാരതീയ വിദ്യാ നികേതൻ, കേരള എന്ന സ്ഥാപനത്തിന്റെ അംഗീകാരത്തോടെ മാനന്തവാടിയിൽ പ്രവർത്തിക്കുന്ന ശ്രീശങ്കര വിദ്യാനികേതൻ എന്ന സ്ഥാപനത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുനൽകുന്നു.

29. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ വിദൂരപഠന കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത് പഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുനൽകുന്നു.

30. സാക്ഷരത മിഷൻ അതോറിറ്റി നടത്തുന്ന തുടർവിദ്യാഭ്യാസ പരിപാടിയിൽ പഠിക്കുന്നവർക്ക് ഫീസാനുകൂല്യം അനുവദിച്ചു നൽകുന്നു.

31. കേരള സ്റ്റേറ്റ് ഓഡിയോ വിഷൽ&റിപ്രോഗ്രാഫിക് സെന്ററിന്റെ ദീർഘകാല-ഹ്രസ്വകാല കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചു.

32. ബി.എസ്.സി. നഴ്സിംഗ്/എം.എസ്.സി. നഴ്സിംഗ് (എല്ലാ വിഭാഗത്തിലും) വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു.

33. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ എം.ഫിൽ, എം.ടെക്, പി.എച്ച്.ഡി., എം.ലിറ്റ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന കേരളീയരായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യു.ജി.സി. ഫെലോഷിപ്പിന്റെ മൂല്യത്തിന് തുല്യമായ തുക അനുവദിച്ചിട്ടുണ്ട്.

34. മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകളിൽ ഒന്നാം റാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള പൊതുപരീക്ഷകളിൽ ഉന്നതവിജയം നേടുന്ന വിദ്യാർത്ഥികൾക്കും പ്രോത്സാഹന അവാർഡ് നൽകുന്നു.

35. എസ്.എസ്.എൽ.സി./ഹയർ സെക്കണ്ടറി SAY പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷാഫീസ് അനുവദിക്കുന്നു.

36. ആലപ്പുഴ ജില്ലയിലെ പുന്നപ്ര കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജിയിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു.

37. സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിലും യൂണിവേഴ്സിറ്റികളുടെ കീഴിലുള്ള സ്ഥാപനങ്ങളിലും മെസ് സൗകര്യമില്ലാത്ത ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെസ് ചാർജ് അനുവദിച്ചു.

Administrative Reforms Committee Thiruvananthapuram

38. കേരള കലാമണ്ഡലത്തിൽ ഇന്റഗ്രേറ്റഡ് എം.ഫിൽ, പി.എച്ച്.ഡി. കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു.

39. സ്വാശ്രയ കോളേജുകളിൽ ബി.ഡി.എസ്. കോഴ്സിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റ് പ്രകാരം മെരിറ്റ് സീറ്റിനും സംവരണ സീറ്റിനും പ്രവേശനം ലഭിച്ച് തോറ്റു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുമ്പോൾ നിലവിൽ ഉണ്ടായിരുന്ന ഫീസ് ഘടന അനുസരിച്ച് മൂന്നു തവണ പരീക്ഷ എഴുതുന്നതിന് 50% നിരക്കിൽ ഫീസ് ആനുകൂല്യം ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ചു.

40. കേരള സർക്കാരിന്റെയും ഫാക്ടിന്റെയും സംയുക്ത സംരംഭമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആന്റ് റിസർച്ചിൽ മെരിറ്റ് സീറ്റിലും സംവരണ സീറ്റിലും ലഭിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു.

41. സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സുകളായ എം.ടെക്/എം.ഇ. എന്നിവയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly